പതിന്നാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3129 — 07/02/2018 ൽ മറുപടിയ്ക്ക്

## റീസർവ്വേ നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പാറക്കൽ അബ്ദുല്ല | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | റീസർവ്വേ പ്രവർത്തികൾ ഏതെങ്കിലും ജില്ലയിൽ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഇല്ല. റീസർവ്വേ പ്രവൃത്തികൾ ഒരു ജില്ലയിലും പൂർത്തിയായിട്ടില്ല. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 899 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 765 വില്ലേജുകളിലെ റീസർവ്വേ പൂർത്തിയായിട്ടില്ല. |
| (ബി) | സംസ്ഥാനത്തൊട്ടാകെ സമയബന്ധിതമായി റീസർവ്വേ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വെളിപ്പെടുത്താമോ; ഇതിനായി ചെയ്യാനുദ്ദേശിക്കുന്ന മുന്നൊരുക്കങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ; | (ബി) | സംസ്ഥാനത്ത് റീസർവ്വേ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വേ കേന്ദ്രസർക്കാർ അംഗീകരിച്ച ഏജൻസി മുഖേന നടത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | സംസ്ഥാനത്ത് സർവ്വെ സെറ്റിൽമെന്റ് നിയമം നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ പുതിയ നിയമത്തിന്റെ കരട് എന്നത്തേയ്ക്ക് തയ്യാറാകുമെന്ന് വിശദമാക്കാമോ ; | (സി) | സംസ്ഥാനത്ത് സർവ്വെ സെറ്റിൽമെന്റ് നടപ്പാക്കുന്നത് ഉൾപ്പെടെ നിലവിലുള്ള ഭൂനിയമങ്ങൾ ഭേദഗതി ചെയ്ത് കേരള ലാന്റ് അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ് ആക്ട്-2017 എന്ന പുതിയ നിയമം തയ്യാറാക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിഗണനയിലാണ്. |
| (ഡി) | റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകളെ ഒരു കുടക്കീഴിൽ കൊണ്ടു വരുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ? | (ഡി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ